(ബി) 2011-12, 2012-13, 2013-14 എന്നീ സാമ്പത്തിക വർഷങ്ങളിലെ പദ്ധതി തുക ഏതെല്ലാം ജില്ലകളിലെ ഏതെല്ലാം നിയോജക മണ്ഡലങ്ങളിലെ ഏതെല്ലാം പദ്ധതികൾക്കാണ് അനുവദിച്ചതെന്ന സാമ്പത്തിക വർഷം തിരിച്ചു വ്യക്തമാക്കുമോ ;

(സി) 2014-15-ലെ പദ്ധതി തുകയിൽ ഉൾക്കൊള്ളിച്ച് ഏതെല്ലാം ജില്ലകളിലെ ഏതെല്ലാം നിയോജകമണ്ഡലങ്ങളിലെ ഏതെല്ലാം പദ്ധതികൾക്കാണ് അനുമതി നൽകിയത് ?

ഉത്തരം

(എ) 2011-12 - 182.4948 കോടി രൂപ

2012-13 - 180.532 കോടി രൂപ

2013-14 - 214.89 കോടി രൂപ

2014-15 - 210.85 കോടി രൂപ

(ബി) 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ച പദ്ധതികളുടെ നിയോജകമണ്ഡലം തിരിച്ചുള്ള വിവരം ലഭ്യമല്ല. എന്നാൽ മേൽ വർഷങ്ങളിലെ ജില്ല തിരിച്ചുള്ള വിവരവും 2013-14-ലെ നിയോജകമണ്ഡലം തിരിച്ചുള്ള വിവരവും അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു.*

(സി) അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു.*

ഹോട്ടലുകളുടെ സ്റ്റാർ പദവി

339 (1047) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം വകുപ്പ് തരംതിരിച്ചിട്ടുള്ള ഹോട്ടലുകൾ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; സ്റ്റാർ പദവിയുടെ അടിസ്ഥാനത്തിൽ എത്ര ഹോട്ടലുകൾ വീതം തരം തിരിച്ചിട്ടുണ്ട് ;

(ബി) ഹോട്ടലുകൾ തരംതിരിക്കുന്നത് സംബന്ധിച്ച നിയമ വ്യവസ്ഥകൾ വിശദമാക്കാമോ ;

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഫൈവ് സ്റ്റാർ പദവിക്ക് വേണ്ടി ഈ വർഷം ടൂറിസം വകുപ്പിൽ പുതുതായി ലഭിച്ച അപേക്ഷകൾ എത്ര; അവയിൽ എത്രയെണ്ണത്തിന് പദവി നൽകിയിട്ടുണ്ട് ; അതിൽ എത്ര പേർക്ക് ലഭിച്ചുവെന്നും ഏതെല്ലാം ഹോട്ടലുകൾക്കാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

കിറ്റ്സിന്റെ ഡയറക്ടർ നടത്തിയ വിദേശ പര്യടനങ്ങൾ

340 (1048) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ടൂറിസം വകുപ്പിന്റെ കീഴിലുള്ള കിറ്റ്സിന്റെ ഇപ്പോഴത്തെ ഡയറക്ടർ നാളിതുവരെ നടത്തിയ വിദേശ പര്യടനങ്ങൾ എത്രയാണെന്നും ഇവ ഏതെല്ലാം ആവശ്യങ്ങൾക്കുവേണ്ടി ആയിരുന്നുവെന്നും ഇതിനായി ചെലവായ തുക എത്രയാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരമേറ്റശേഷം ഉത്തരവാദിത്ത ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് പ്രസ്തുത പദ്ധതിയുടെ നോഡൽ ഏജൻസിയായ കിറ്റ്സിന്റെ ഡയറക്ടർ ഡോ. രാജശ്രീ അജിത് നവംബർ 2012 മുതൽ യു.കെ.-യിൽ നടന്ന വേൾഡ് ട്രാവൽ മാർട്ടിലും മാർച്ച് 2013-ൽ ITB (ഇൻർനാഷണൽ ടൂറിസം ബോർഡ്) ബെർലിനിലും പങ്കെടുക്കാനായി രണ്ട് ഔദ്യോഗിക വിദേശയാത്രകൾ നടത്തിയിട്ടുണ്ട്. കൂടാതെ 31-5-2014 മുതൽ 14-6-2014 വരെ യൂറോപ്യൻ രാജ്യങ്ങളിലും 15-10-2014 മുതൽ 21-10-2014 വരെ സിംഗപ്പൂർ. മലേഷ്യ എന്നിവിടങ്ങളിലും ഡയറക്ടർ സ്വകാര്യ സന്ദർശനം നടത്തിയിട്ടുണ്ട്. 2012-ൽ നവംബറിൽ യു.കെ.-യിൽ നടന്ന വേൾഡ് ട്രാവൽ മാർട്ടിൽ 2,19,591 രൂപയും (രണ്ടു ലക്ഷത്തി പത്തൊമ്പതിനായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ്റി ഒന്ന് രൂപ). മാർച്ച് 2013-ൽ ITB ബെർലിനിൽ നടത്തിയ രണ്ടാമത് യാത്രയ്ക്ക് 1,59,642 രൂപയും (ഒരു ലക്ഷത്തി അമ്പത്തിയൊമ്പതിനായിരത്തി അറുന്നൂറ്റി നാൽപത്തി രണ്ടു രൂപ) ചെലവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly